കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - സംസ്ഥാന സ്റ്റേഷനറി വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ ക്ളാർക്ക് ശ്രീമതി. കെ. ജെഷിമോൾക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ മലപ്പുറം ജില്ലയിൽ നിയമനത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്

**സ.ഉ(സാധാ)നം.3102/2015/തസ്വഭവ തീയതി, തിരുവനന്തപുരം.12/10/2015**

---

പരാമർശം: 1. സ.ഉ(പി)നം. 05/2013/ഉഭപവ തീയതി 06.02.2013.
2. ശ്രീമതി. കെ. ജെഷിമോളുടെ 23.03.2015 ലെ അപേക്ഷ.
3. സ്റ്റേഷനറി കൺട്രോളുടെ 24.03.2015 ലെ സമ്മതപത്രം.
4. പഞ്ചായത്ത് ഡയറക്ടറുടെ 16.07.2015 ലെ ഇ 6-10294/2015 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

സംസ്ഥാന സ്റ്റേഷനറി വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ ക്ളാർക്ക് ശ്രീമതി. കെ ജെഷിമോൾ അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ മലപ്പുറം ജില്ലയിൽ നിയമനത്തിനായി പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 4 പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

ശ്രീമതി. കെ. ജെഷിമോൾ ആസ്ഥാന ഒഴിവിൽ 13.08.2014 ൽ സംസ്ഥാന സ്റ്റേഷനറി വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. ടിയാളുടെ ജില്ലയായ മലപ്പുറം ജില്ലയിലെ സ്റ്റേഷനറി ഓഫീസിൽ ഒരു ക്ലാർക്ക് തസ്തിക മാത്രമാണുള്ളതെന്നും അടുത്ത 5 വർഷത്തേക്ക് ഒഴിവ് വരാനുള്ള സാധ്യതയില്ലായെന്നും അന്തർ വകുപ്പ് സ്ഥലം മാറ്റം നല്കുന്ന പക്ഷം ജോലിയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്നും പരാമർശം 3 പ്രകാരം സ്റ്റേഷനറി കൺട്രോളർ അറിയിച്ചിട്ടുണ്ട്. ടിയാൾക്ക് അന്തർവകുപ്പ് സ്ഥലംമാറ്റ വ്യവസ്ഥയിൽ നിയമനം നല്കുന്നതിന് മലപ്പുറം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിശ്ചിത ശതമാന പരിധിയിൽ ഒഴിവ് നിലവിലുള്ളതായി മലപ്പുറം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ പരാമർശം 4 പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂചന 1 ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന സ്റ്റേഷനറി വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ ക്ളാർക്ക് ശ്രീമതി. കെ ജെഷിമോൾക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ മലപ്പുറം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീമതി. കെ. ജെഷിമോൾ പഞ്ചായത്ത് വകുപ്പിൽ പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല.സി.എസ്**
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, സ്റ്റേഷനറി വകുപ്പ് ആസ്ഥാന കാര്യാലയം, തിരുവനന്തപുരം 695033.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
ശ്രീമതി. കെ ജെഷിമോൾ, ക്ലാർക്ക്, സ്റ്റേഷനറി വകുപ്പ് ആസ്ഥാന കാര്യാലയം, തിരുവനന്തപുരം 695033.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ / ആഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ